"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീമതി. ജയന്തി റ്റി നിയമനത്തിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2732/2025/GAD തീയതി,തിരുവനന്തപുരം, 23-06-2025

---

പരാമർശം:- 12.05.2025 - ലെ സ.ഉ. (സാധാ) നം. 2064/2025/പൊ.ഭ.വ.

**ഉത്തരവ്**

ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീമതി. ജയന്തി റ്റി,കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ അന്യത്രസേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് 28.04.2025 പൂർവാഹനത്തിൽ മാതൃവകുപ്പിൽ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന്, പരാമർശ ഉത്തരവ് പ്രകാരം ടിയാളെ സോയിൽ സർവേ & സോയിൽ കൺസർവേഷൻ ഡയറക്ടറേറ്റിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുകയുണ്ടായി. ശ്രീമതി. ജയന്തി റ്റി നിയമനത്തിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിനുള്ള ഒരു നിർദ്ദേശം ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ചിരുന്നു.

(2) സർക്കാർ ഈ വിഷയം പരിശോധിച്ചു. ധനകാര്യ വകുപ്പിലെഅണ്ടർ സെക്രട്ടറിയായ ശ്രീമതി ജയന്തി റ്റി (പെൻ - 100665) കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ അന്യത്രസേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് മാതൃ വകുപ്പിൽ റിപ്പോർട്ട് ചെയ്തത് മുതൽ പരാമർശ ഉത്തരവ് പ്രകാരം സോയിൽ സർവേ & സോയിൽ കൺസർവേഷൻ ഡയറക്ടറേറ്റിലെ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമനം ലഭിച്ചതിനാൽ ടി ചുമതലയേൽക്കുന്നതിനായി ധനകാര്യ വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്നതു വരെ, നിയമനത്തിനായി കാത്തു നിൽക്കേണ്ടിവന്ന 28.04.2025 പൂർവ്വാഹ്നം മുതൽ 13.05.2025 അപരാഹ്നം വരെയുള്ള കാലയളവ്, കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം 1, ചട്ടം 12 (7) - ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
അഡിഷണൽ സെക്രട്ടറി

ശ്രീമതി. ജയന്തി റ്റി, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ് (ധനകാര്യ വകുപ്പ് മുഖാന്തിരം)

ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 23-06-2025 10:58:20

സെക്ഷൻ ഓഫീസർ